**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1542** **08-12-2022 - ൽ മറുപടിയ്ക്ക്**

**ഹയർ സെക്കൻഡറി മാന്വൽ പരിഷ്കരണം- അപാകതകൾ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഹയർ സെക്കൻഡറി പരീക്ഷ മാന്വൽ പരിഷ്കരണം മൂലം ഒന്നാംവർഷ പരീക്ഷ എഴുതി കഴിഞ്ഞാൽ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് അനുവാദമില്ല എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) | **പരിശോധിച്ചുവരുന്നു.** |
| (ബി) | വർഷങ്ങളായി തുടർന്നുവന്നിരുന്ന രീതി പുതുതായി ആവിഷ്കരിച്ച നിബന്ധന മൂലം നിരവധി വിദ്യാർത്ഥികൾക്ക് പഠന അവസരം നഷ്ടപെടുന്ന വസ്തുത മനസ്സിലാക്കി ആയത് പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ; ഈ പുതിയ നിബന്ധന മൂലം നിരവധി വിദ്യാർത്ഥികൾക്ക് രജിസ്ട്രേഷൻ റദ്ദ് ചെയ്യാൻ സാധിക്കാത്ത സ്ഥിതിവിശേഷം പരിശോധിക്കുമോ; | (ബി) | **പരിശോധിച്ചുവരുന്നു.** |
| (സി) | പരീക്ഷ റദ്ദ് ചെയ്തു കൊടുക്കാത്തതു മൂലം 20 വയസ്സുവരെ റെഗുലർ പഠനത്തിനുള്ള അവസരം നിഷേധിക്കുന്ന സാഹചര്യം പുനപരിശോധിക്കുമോ; | (സി) | **പരിശോധിച്ചുവരുന്നു.** |
| (ഡി) | ഇത് സംബന്ധിച്ച് കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ നൽകിയിരിക്കുന്ന 6587293 /2022 എന്ന കത്തിന് ഹയർസെക്കൻഡറി ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ; റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ഡി) | ഉണ്ട്.<br><br>റിപ്പോർട്ടിന്റെ കോപ്പി അനുബന്ധം (A) ആയി ചേർത്തിരിക്കുന്നു. |
| (ഇ) | ഹയർ സെക്കൻഡറി പഠനത്തിന് അവസരം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ നിന്നും ശ്രീ അതുൽ ബിജു നൽകിയിരിക്കുന്ന 6584242/22, 6649694/22 എന്നീ നമ്പറിൽ ഉള്ള അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; | (ഇ) | ശ്രീ അതുൽ ബിജുവിന്റെ അപേക്ഷ പി3/824/2022/പൊ.വി.വ. നമ്പർ ഫയലിൽ ചേർത്ത് പരിശോധിച്ചുവരുന്നു. |
| (എഫ്) | ഇത് സംബന്ധിച്ച് ഹയർസെക്കൻഡറി ഡയറക്ടറേറ്റിൽ നിന്നും റിപ്പോർട്ട് നൽകുന്നതിനുള്ള കാലതാമസം വിശദീകരിക്കുമോ; | (എഫ്) | പൊതുവിദ്യാഭ്യാസ ഡയറക്ടർ 24-11-2022 ൽ ലഭ്യമാക്കിയ റിപ്പോർട്ട് പരിശോധിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | ഈ കുട്ടിക്ക് ഒഴിവുള്ള സ്കൂളിൽ പഠനാവസരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | | |
| (ജി) | സർക്കാർ തീരുമാനം വൈകുന്നതിന്റെ ഫലമായി അപേക്ഷ നൽകി കാത്തിരിക്കുന്ന നിരവധി വിദ്യാർത്ഥികൾക്ക് പഠനാവസരം നഷ്ടപ്പെടുന്ന ഗുരുതരമായ സാഹചര്യം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുമോ? | (ജി) | പൊതുവിദ്യാഭ്യാസ ഡയറക്ടർ 24-11-2022 ൽ ലഭ്യമാക്കിയ റിപ്പോർട്ട് പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം A

പൊതുവിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
ഹയർസെക്കന്ററി വിഭാഗം
ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തിനഗർ
തിരുവനന്തപുരം.

ഇ.എക്സ്-II/1/13200/എച്ച്.എസ്.ഇ/2017 തീയതി : 24/11/2022

പ്രേഷിതൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

പ്രിൻസിപ്പൽ സെക്രട്ടറി
പൊതു വിദ്യാഭ്യാസ വകുപ്പ്
ഗവ. സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

സർ,

വിഷയം - പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് - ഹയർ സെക്കന്ററി പരീക്ഷാ മാന്വൽ ഭേദഗതി വരുത്തുന്നത്- സംബന്ധിച്ച്.

സൂചന - 1. 18/01/2022 - ലെ സ.ഉ.(സാധാ)നം. 394/2022/പൊ.വി.വ.
2. 26/10/2022 ലെ സർക്കാർ കത്ത് നം.എസ്.സി1/330/2022.
3. 25/10/2022-ലെ സർക്കാർ കത്ത് നം.ഡി.1/206/2022/പൊ.വി.വ.

സൂചന(1) പ്രകാരം ഹയർ സെക്കന്ററി പരീക്ഷാ മാന്വൽ പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. ഹയർ സെക്കന്ററി പരീക്ഷാ മാന്വലിൽ ഏതൊക്കെ ഭാഗങ്ങളിൽ ഭേദഗതി വരുത്താനാണു ഉദ്ദേശിക്കുന്നതെന്നു റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് സൂചന (3) പ്രകാരം അറിയിച്ചിട്ടുണ്ട്. പരിഷ്കരിച്ച ഹയർ സെക്കന്ററി പരീക്ഷാ മാന്വലിൽ വരുത്തേണ്ട മാറ്റങ്ങൾ ചുവടെ ചേർക്കുന്നു.

1. പരീക്ഷാ ക്യാൻസലേഷനുമായി ബന്ധപ്പെട്ട് നിലവിൽ ഒന്നാം വർഷ പരീക്ഷ കോഴ്സ് ക്യാൻസലേഷന്റെ ഭാഗമായി നടത്തുകയും ടി വിദ്യാർഥികൾക്ക് ഏകജാലകം വഴി വീണ്ടും ഒന്നാം വർഷത്തിൽ പഠിക്കാൻ നിലവിൽ അവസരം ലഭിക്കുന്നതുമാണ്.രണ്ടാം വർഷ പരീക്ഷ പാസ്സായവർക്ക് മറ്റൊരു വിഷയ കോമ്പിനേഷനിൽ സ്കോൾ

S(e)ctt. 30. GPM. 3/277/2020/2 Lakh. © Govt. of Kerala.

കേരള വഴി വീണ്ടും സ്പെഷ്യൽ കാറ്റഗറി വിദ്യാർഥികളായി പരീക്ഷ എഴുതാൻ അവസരം ലഭ്യമാണ്.എന്നാൽ ഹയർ സെക്കന്ററി പരീക്ഷ വിജയിക്കാനാവാത്ത വിദ്യാർഥികൾക്ക് അവർ പഠിച്ച വിഷയ കോമ്പിനേഷനിൽ മാത്രമേ വീണ്ടും പരീക്ഷ എഴുതാൻ അവസരം ഉള്ളൂ.ഇത് ധാരാളം വിദ്യാർഥികൾക്ക് മറ്റൊരു വിഷയ കോമ്പിനേഷനിലൂടെ പ്ലസ്ടു പാസാവുക എന്നതിന് വിഘാതമായി നില്ക്കുന്നു.ഈ സാഹചര്യത്തിൽ ഹയർ സെക്കന്ററി പരീക്ഷാ മാന്വൽ ചാപ്റ്റർ 2 ൽ 4 c CANCELLATION OF REGISTRATION എന്നതിൽ (പേജ് നമ്പർ 34) ക്ളാസ് 1 ഒഴിവാക്കകയും അതിനു പകരം CANCELLATION OF REGISTRATION SHALL BE DONE AS PER THE REQUEST OF THE CANDIDATE THROUGH THE AUTHORITY CONCERNED AND A CERTIFICATE IN THIS REGARD WILL BE ISSUED AS PER NORMS. എന്ന് ചേർക്കുകയും ചെയ്യാവുന്നതാണ്.

2 ഹയർ സെക്കന്ററി പരീക്ഷാ മാന്വൽ ചാപ്റ്റർ 1 ൽ 6 C iv ലെ TYPES OF CANDIDATES ൽ (പേജ് നമ്പർ 22 ) CANDIDATE WHO HAVE COMPLETED THE HIGHER SECONDARY COURSE എന്നതിൽ COMPLETED എന്ന വാക്ക് ഒഴിവാക്കുകയും പകരം PASSED എന്ന് ചേർക്കുകയും ചെയ്യാവുന്നതാണ്.

ഭേദഗതി വരുത്തേണ്ടുന്നവ അംഗീകരിക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊള്ളണമെന്ന് അപേക്ഷിക്കുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടർ